ഉത്തരം

(എ) ലാഭം മാർക്കറ്റുകൾ വഴി സിവിൽ സപ്ലൈസ് കോർപ്പറേഷന് പ്രതി മാസം ശരാശരി 13,22,000 രൂപയോളം ലാഭം ലഭിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന ലാഭം മാർക്കറ്റുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.† കോർപ്പറേഷന്റെ നിശ്ചിത മാന ദണ്ഡങ്ങൾക്ക് അനുസൃതമായി കൂടുതൽ ലാഭം മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള ലക്ഷ്യമിട്ടിട്ടുണ്ട്.

(സി ആന്റ് ഡി) മാവേലി സാധനങ്ങൾ പായ്ക്കറ്റുകളിലാക്കി സ്വയം തെരഞ്ഞെടുക്കുവാനുള്ള സൗകര്യം, ആകർഷണീയമായ രീതിയിലുള്ള പ്രദർശനം, കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗ് സൗകര്യം, തുടങ്ങിയവയും വിൽപ്പനയിലുള്ള വർദ്ധനവും കണക്കിലെടുക്കുമ്പോൾ ലാഭം മാർക്കറ്റുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ടതായും കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതായും കാണപ്പെടുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങുന്നതിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡം

71 [389] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങുന്നതിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കോർപ്പറേഷൻ ആവശ്യത്തിൽ കൂടുതൽ സാധനങ്ങൾ വാങ്ങി സംഭരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോർപ്പറേഷൻ സംഭരിച്ച സാധനങ്ങൾ അതാത് മേഖലാ ഓഫീസുകൾ ആവശ്യപ്പെടുന്നതനുസരിച്ചാണോ വിതരണം ചെയ്യുന്നത്;

(ഡി) 2004 ജൂലായിൽ പൊതുവിപണിയിൽ മുളകിന് കിലോയ്ക്ക് 32 രൂപ ഉണ്ടായിരുന്നപ്പോൾ കിലോയ്ക്ക് 41.72 രൂപ പ്രകാരം 144.5 ടൺ മുളക് വാങ്ങിക്കൂട്ടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇപ്രകാരം വാങ്ങിക്കൂട്ടിയ മുളക് മേഖലാ ആഫീസുകൾ ആവശ്യപ്പെടാതെതന്നെ ടൺ കണക്കിന് വിതരണം ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മേഖലാ ഓഫീസുകളിൽ നിന്നും അവരുടെ കീഴിലുള്ള ഡിപ്പോയിലേക്ക് ആവശ്യകത അറിയിക്കുന്നതനുസരിച്ച് എല്ലാ മാസവും ഇതിനാവശ്യമായ അളവിൽ പലവ്യഞ്ജനങ്ങളുടെ ടെൻഡർ ക്ഷണിക്കുകയും ടെൻഡറിൽ കിട്ടുന്ന വില പത്രങ്ങളിൽ വരുന്ന വിലയും പൊതുമാർക്കറ്റിലെ വിലയുമായി താരതമ്യം ചെയ്ത് ഡയറക്ടർ ബോർഡാണ് ഏത് വിലയ്ക്ക് എത്ര അളവിൽ വാങ്ങണം എന്ന തീരുമാനം എടുക്കുന്നത്.

(ബി) ഉണ്ട്. സെൻട്രൽ പർച്ചേസ് ആയതിനാൽ മൂന്നു മാസത്തെ ആവശ്യകതയ്ക്കനുസരിച്ചുള്ള പലവ്യഞ്ജന സാധനങ്ങൾ ടെൻഡർ വിളിച്ച് സംഭരിക്കുകയായിരുന്നു പതിവ്. 2004 നവംബർ മുതൽ അത് ഒന്നര മാസത്തെ ആവശ്യകതയ്ക്കനുസരിച്ചുള്ള സംഭരണമായി ചുരുക്കിയിട്ടുണ്ട്.

(സി) അതെ. മേഖലാ ഓഫീസുകളിൽ നിന്നും ആവശ്യപ്പെടുന്നത് അനുസരിച്ചും, മാവേലി, ലാഭം സ്റ്റോറുകളിൽ നിന്നുമുള്ള ഇന്റന്റ് അനുസരിച്ചുമാണ് വിതരണം നടത്തുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഉണ്ട്.

കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയ പർച്ചേസുകൾ

72 [390] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2001 മുതൽ നടത്തിയ 'പർച്ചേസുകളെ' സംബന്ധിച്ച് എന്തെങ്കിലും ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ഇനങ്ങളിലെ 'പർച്ചേസുകളി'ലാണ് ക്രമക്കേടുകൾ നടന്നിട്ടുള്ളതെന്നും അതുമൂലമുണ്ടായ നഷ്ടമെത്രയാണെന്നും വിശദമാക്കാമോ;

(സി) ക്രമക്കേടുകളെ സംബന്ധിച്ച് ഏതെല്ലാം തലത്തിലുള്ള അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളതെന്നും, അന്വേഷണത്തിന്റെ ഫലം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏതൊക്കെ ഇനങ്ങളിലെ പർച്ചേസുകളിലാണ് ക്രമക്കേടുകളും നഷ്ടവും നടന്നതെന്ന് ഒരു ഉന്നതതല സമഗ്രാന്വേഷണത്തിൽ മാത്രമേ മനസ്സിലാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly